"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ പ്രതിദിന ഓൺലൈൻ ഇടപാടു നടത്താവുന്ന തുകയുടെ പരിധി 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ.(അച്ചടി)നം. 6/2022/ധന** **തീയതി, തിരുവനന്തപുരം, 13.01.2022**

---

പരാമർശം :- 1. സ.ഉ (പി) നം. 78/2019/ധന തീയതി 06.07.2019.
2. ട്രഷറി ഡയറക്ടറുടെ 14.07.2021 തീയതിയിലെ 2272/2021-എഫ്-ട്രഷറി നമ്പർ കത്ത്.

## ഉത്തരവ്

സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം വ്യക്തിഗത ടി എസ് ബി അക്കൗണ്ടുകളിലെ ഓൺലൈൻ ട്രാൻസ്ഫറുകളുടെ ഇടപാട് പരിധി പ്രതിദിനം 2 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ദേശസാത്കൃത ബാങ്കുകളിൽ ഉയർന്ന പരിധിയാണ് പ്രതിദിന ഓൺലൈൻ ട്രാൻസ്ഫറുകൾക്ക് നിശ്ചയിച്ചിരിക്കുന്നതെന്നും അതിനാൽ ടി എസ് ബി ഓൺലൈൻ ഇടപാടുകളുടെ നിലവിലെ പരിധി ഉയർത്തണമെന്നും ട്രഷറി ഡയറക്ടർ സൂചന 2 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് ( ടി എസ് ബി) അക്കൗണ്ടുകളിലെ പ്രതിദിന ഓൺലൈൻ ഇടപാടു നടത്താവുന്ന തുകയുടെ പരിധി 01.02.2022 മുതൽ 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത ബി.എസ്.,**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
പൊതു ഭരണ വകുപ്പിലെ എല്ലാ വകുപ്പ മേധാവികൾക്കും /സെക്രട്ടറിമാർക്കും ( ഇ-ഓഫീസ് മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ സബ് ട്രഷറി ഓഫീസർമാർക്കും ( ട്രഷറി ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (423821)

ഉത്തരവിൻ പ്രകാരം

Majic

സെക്ഷൻ ഓഫീസർ